"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സെന്റ് തോമസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂളിലെ ക്ലർക്ക് ശ്രീ.ജോബി ലൂയിസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.33946/2024-ൽ 27.09.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4410/2025/GEDN തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. ശ്രീ. ജോബി ലൂയിസ് സർക്കാരിൽ സമർപ്പിച്ച 16/8/2024ലെ റിവിഷൻ ഹർജ്ജിയും (എക്സിബിറ്റ് പി9) 1/1/2025ലെ ഹിയറിംഗ് നോട്ടം
2. റിട്ട് ഹർജി നം.33946/2024-ൽ 27.09.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/12/2024ലെ DDETSR/9364/2024-E1 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 1/1/2025ലെ R2/24665/2024/DGE നമ്പർ ഹിയറിംഗ് റിപ്പോർട്ട്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ സെന്റ് തോമസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂളിലെ ക്ലർക്ക് ശ്രീ.ജോബി ലൂയിസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.33946/2024-ൽ 27.09.2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി9 റിവിഷൻ ഹർജി, ഹർജിക്കാരൻ, ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിപ്പകർപ്പ് കിട്ടി നാല് മാസത്തിനകം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. തൃശ്ശൂർ സെന്റ് തോമസ് സി.എച്ച്.എസ്.എസ്.ൽ ക്ലാർക്ക് തസ്തികയിൽ സേവനം ചെയ്യുന്ന ശ്രീ.ജോബി ലൂയിസ് എഫ്.ടി.എം. തസ്തികയിൽ 06/07/2005 മുതൽ തുടർച്ചയായി സേവനം ആരംഭിക്കുകയും തുടർന്ന് 10/06/2013ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കും, 01/08/2017

മുതൽ ക്ലാർക്ക് തസ്തികയിലേക്കും, സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സേവനം കൂടി പരിഗണിച്ച് ക്ലാർക്ക് തസ്തികയിൽ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് പൊതുവായ ഉത്തരവുകൾ ലഭ്യമായിരുന്നില്ല. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിക്കുകയാണ് ഉണ്ടായത്. എയ്ഡഡ് സ്കൂളിലെ ക്ലാർക്കുമാർക്ക് അനധ്യാപകൻ എന്ന നിലയിൽ മറ്റ പ്രൊമോഷനുകൾ സാധ്യമല്ല.

5. KER chap XXIV A, Rule 1 പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽനിന്നും എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകുന്നുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽനിന്നും സ്ഥാനകയറ്റം ലഭിച്ച് ക്ലാർക്ക് ആകുന്നവരുടെ എൻടി തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തിക ആയതുകൊണ്ട് ലാസ്റ്റ് ഗ്രേഡ് സേവനം കണക്കിലെടുത്ത് അർഹമായ സമയ ബന്ധിത ഗ്രേഡുകൾ അനുവദിച്ച് തരാമെന്ന് സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാനക്കയറ്റം ലഭിച്ച ക്ലാർക്കുമാരുടെ വിഭാഗത്തിന് ഗ്രേഡുകൾ നൽകുന്നതിന് ലാസ്റ്റ് ഗ്രേഡ് സേവനം കണക്കാക്കുന്നത് ഈ വിഭാഗത്തിന് അർഹിക്കുന്ന പരിഗണന ആയിരിക്കും.

6. ആയതിനാൽ മേൽ ഉത്തരവുകൾ പരിഗണിച്ച് ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സേവനം കൂടി പരിഗണിച്ച് ക്ലാർക്ക് തസ്തികയിൽ ഗ്രേഡ് അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

7. തൃശ്ശൂർ മന്നാമംഗലം സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിലെ എഫ്.റ്റി.എം തസ്തികയിൽ ശ്രീ.ജോബി ലൂയിസ് 06/07/2005 മുതൽ നിയമിതനായി. 10/06/2013 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചു. തുടർന്ന് 8 വർഷം സർവ്വീസ് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 10/10/2013 പ്രാബല്യത്തിൽ ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ ഹയർ ഗ്രേഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. 01/08/2017 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ച ക്ലാർക്ക് തസ്തികയിൽ (ഏങ്ങണ്ടിയൂർ സെന്റ് തോമസ് ഹൈസ്കൂളിൽ) നിയമനം ലഭിച്ച് 28(A) ഫിക്സേഷൻ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ സേവനം ചെയ്യുന്നത് ക്ലാർക്ക് തസ്തികയിൽ ആണെങ്കിലും സമയ ബന്ധിത ഹയർ ഗ്രേഡ് എൻടി കേഡർ സേവനം പരിഗണിച്ച അനുവദിക്കണമെന്നാണ് ടിയാളുടെ അപേക്ഷ.

8. 06/07/2005 മുതൽ എഫ്.ടി.എം തസ്തികയിൽ നിയമിതനായ ശ്രീ.ജോബി ലൂയിസിന് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 15 വർഷം പൂർത്തിയാക്കുന്ന മുറക്ക് രണ്ടാം ഹയർ ഗ്രേഡിന് അർഹതയുണ്ട് എന്നാൽ 10/10/2013 പ്രാബല്യത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒന്നാം ഹയർ ഗ്രേഡ് ലഭിച്ചതിനു ശേഷം 01/08/2017 ന ക്ലാർക്ക് ആയി സ്ഥാനക്കയറ്റം ലഭിച്ച് 28 A ഫിക്സേഷൻ അനുവദിച്ച സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (അച്ചടി)നം.24/2024/GEDN തീയതി, 20-11-2024 ഖണ്ഡിക 4(ii) പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 15 വർഷത്തെ ഗ്രേഡിന് ശ്രീ.ജോബി ലൂയിസിന് അർഹതയില്ലെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 22 വർഷം പൂർത്തിയാക്കുന്ന മുറക്ക് മാത്രമാണ് ടിയാൾക്ക് അടുത്ത സമയ ബന്ധിത ഹയർ ഗ്രേഡിന് അർഹത എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ടി വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ**

**വിശദമായി പരിശോധിക്കുകയുണ്ടായി**

9. എയ്ഡഡ് സ്കൂൾ ക്ലർക്കുമാർക്ക് അവരുടെ മുൻകാല ലാസ്റ്റ് ഗ്രേഡ് (ഓഫീസ് അറ്റൻഡന്റ്, എഫ്.ടി.എം) സേവനം കൂടി ചേർത്ത് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതു സംബന്ധിച്ച് 20/11/2024 തീയതിയിലെ സ.ഉ.(പി)നം.24/2024/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

10. എൻടി തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. അതിനാൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലർക്കാവുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ എൻടി തസ്തിക ലാസ്റ്റ് ഗ്രേഡ് തന്നെയായിരിക്കും (for the purpose of granting TBHGs). ഇത്തരക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിർദ്ദിഷ്ട വർഷ യോഗ്യതാ സേവനകാലയളവുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്. എന്നാൽ ലാസ്റ്റ് ഗ്രേഡിൽ തന്നെ എഫ്.ടി.എം ആയി നിയമിക്കപ്പെട്ട ഒരു ജീവനക്കാരന് ആദ്യമായി പ്യൂൺ പ്രൊമോഷൻ ലഭിക്കുകയും (ഒരേ സ്കെയിലാണെന്നതിനാൽ അഡ്വാൻസ് ഇൻക്രിമെന്റ് മാത്രമാണ് ടി അവസരത്തിൽ നല്കുന്നത് എന്നതിനാൽ) ടിയാളുകൾക്ക് എഫ്.ടി.എം, പ്യൂൺ എന്നീ തസ്തികകളിൽ തന്നെ തുടരുകയാണെങ്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് നല്കാതെയുള്ള ശമ്പളം കണക്കിലെടുത്ത് ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച നല്കും. തുടർന്നാണ് ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്നതെങ്കിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിനായിരിക്കും അർഹതയില്ലാതാകുന്നത്. ലാസ്റ്റ് ഗ്രേഡിൽ നിന്നും ഗ്രേഡ് ലഭിച്ച ശേഷമോ അല്ലാതെയോ ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർക്ക് തുടർന്ന് അർഹമായ ഗ്രേഡുകൾ കണക്കാക്കേണ്ടത് ക്ലർക്ക് തസ്തികയിലെ ഗ്രേഡുകൾ എന്നല്ല, മറിച്ച് എൻടി തസ്തികയായ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ലഭിക്കേണ്ട തുടർ ഗ്രേഡുകളാണ്. അതിൻപ്രകാരം ശമ്പള പരിഷ്കരണ ഉത്തരവുകളിലെ List of Standard scales ലെ (അനക്സർ I) പ്രകാരം ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലുകളിലാണ് ഇത്തരക്കാർക്ക് തുടർ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ അർഹതയുള്ളത്. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 10/06/2013-ൽ ശ്രീ. ജോബി ലൂയിസിന് എഫ്.ടി.എം തസ്തികയിൽ നിന്ന് ഓഫീസ് അറ്റൻഡന്റായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. തുടർന്ന് 01/08/2017 തീയതിയിൽ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ആയതിനാൽ ടിയാന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയില്ല. എന്നാൽ ടിയാൻ ലാസ്റ്റ് ഗ്രേഡ് തസ്തികയിലും (എഫ്.ടി.എം.+ഓഫീസ് അറ്റൻഡന്റ് ) ക്ലർക്ക് തസ്തികയിലും കൂടി നിർദ്ദിഷ്ട 22 വർഷം പൂർത്തിയാക്കുന്ന തീയതി പ്രാബല്യത്തിൽ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് നിലവിലെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലിൽ അനുവദിക്കാവുന്നതാണ്.

11.മേൽ സാഹചര്യത്തിൽ, മുൻ ഖണ്ഡികയിലെ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് 20/11/2024 തീയതിയിലെ സ.ഉ.(പി) നം.24/2024/പൊ.വി.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകി അപ്രകാരം ശ്രീ.ജോബി ലൂയിസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.33946/2024-ൽ 27.09.2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (അറിവിലേക്കായി)
ശ്രീ.ജോബി ലൂയിസ്, സെന്റ് തോമസ് കോളേജ് ഹയർ സെക്കൻഡറി സ്കൂൾ, തൃശ്ശൂർ-680 001
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 04-07-2025 10:41:05

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.